## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**കൂടുതൽ മേഖലകളിൽ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1154 — 12.07.2016 ൽ മറുപടി നൽകേണ്ടത്

ചോദ്യം — ഉത്തരം

| ശ്രീ. കെ.ഡി. പ്രസേനൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിലിനെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്താൻ പുതിയ പദ്ധതി ആവിഷ്കരിക്കുമോ ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1-ൽ അനുശാസിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ഒരു സാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആകെ ചെലവിന്റെ ഏറ്റവും കുറഞ്ഞത് 60% എങ്കിലും കൃഷി അനുബന്ധ മേഖലകളിലെ ഉല്പാദന ക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 90 ശതമാനത്തിൽ കുറയാത്ത തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ പ്രസ്തുത മേഖലയിലാണ് ഏറ്റെടുത്ത് വരുന്നത്. ഇതോടൊപ്പം പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, കാർഷിക മേഖലയുമായി ബന്ധപ്പെട്ട മറ്റ് സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ത്രിതല പഞ്ചായത്തുകളുടെ പ്രാദേശിക പദ്ധതികൾ എന്നിവയുമായി സമന്വയിപ്പിച്ച് തൊഴിലുറപ്പ പദ്ധതിയുടെ സാദ്ധ്യതകൾ കാർഷിക മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിന് ഇതിനോടകംതന്നെ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | നാമമാത്ര കർഷകരുടെ ഭൂമിയിലും ക്ഷീരകർഷകരുടെ മേഖലയിലും തൊഴിലുറപ്പ് പണികൾ വ്യാപിപ്പിക്കുന്നത് പരിഗണിക്കുമോ ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക 5 പ്രകാരം ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട വികസന പ്രവൃത്തികൾക്കാണ് മുൻഗണന നൽകുന്നത്. പ്രസ്തുത വിഭാഗത്തിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ച ശേഷം മാത്രമേ 2008-ലെ കാർഷിക കടാശ്വാസ പദ്ധതിപ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ. ഈ നിർദ്ദേശ |

| | | | |
|---|---|---|---|
| | | | മനുസരിച്ച് ഉല്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉതകുന്ന പ്രവൃത്തികൾ ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റെടുത്തുവരുന്നു. എന്നാൽ ക്ഷീര കർഷകരുടെ മേഖലയിലെ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദം നൽകുന്നതിന് സംസ്ഥാന സർക്കാർ പലതവണ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല |
| (സി) | തൊഴിലുറപ്പ് പദ്ധതിയുടെ കൂലിയിൽ കാലാനുസൃതമായ വർദ്ധനവ് നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുസരിച്ച് പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികളുടെ കൂലി നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. 01-04-2016-മുതൽ സംസ്ഥാനത്തെ കൂലി നിരക്ക് 240 രൂപയായി തീരുമാനിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**